പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2278

10.10.2011-ൽ
മറുപടിയ്ക്കു്

**ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ**

ചോദ്യം
ശ്രീ. തോമസ് ഉണ്ണിയാടൻ

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കാമോ;<br><br>(ബി) കഴിഞ്ഞ കാലങ്ങളിൽ ശബരിമല തീർത്ഥാടകർക്ക് അനുഭവപ്പെട്ട വിഷമതകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ? | (എ) & (ബി)<br>1) സന്നിധാനത്തിലെ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ, പിൽഗ്രിം സെൻററുകൾ തുടങ്ങിയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ.<br>2) നിലയ്ക്കലിൽ പാർക്കിംഗ് ഗ്രൗണ്ടിൻെറയും അപ്രോച്ച് റോഡിൻെറയും അറ്റകുറ്റപ്പണികൾ.<br>3) ദർശനം കഴിഞ്ഞ് മടങ്ങിവരുന്ന തീർത്ഥാടകരുടെ സൗകര്യത്തിനായി മാളികപ്പുറത്തിനു പടിഞ്ഞാറു ഭാഗത്തുള്ള പോലീസ് ബാരക്കിനു സമീപത്തു നിന്നും ചന്ദ്രാനന്ദൻ റോഡുവരെ കരസേനയുടെ സഹായത്തോടെ ബെയ്‌ലി ബ്രിഡ്ജും, അപ്രോച്ച് റോഡും.<br>4) മരക്കൂട്ടം ഭാഗത്ത് 'ക്യൂ' കോംപ്ലക്സ്.<br>5) മരക്കൂട്ടത്തിനും ശരംകുത്തിക്കും ഇടയിലായി 'ക്യൂ' കോംപ്ലക്സ്<br>6) പമ്പയിൽ പുതുതായി ഒരു എമർജൻസി റോഡ്.<br>7) പമ്പാ-മരക്കൂട്ടം പാതയിൽ നിലവിലുള്ള പന്തലുകൾക്കു പുറമേ പുതിയതായി നാലു പന്തലുകൾ.<br>8) നിലയ്ക്കലിൽ ഒരു മെസ്സ്-കം-അക്കോമഡേഷൻ ബ്ലോക്ക്<br>9) നിലയ്ക്കലിൽ നിലവിലുള്ള രണ്ട് അക്കോമഡേഷൻ ബ്ലോക്കിനു മുകളിൽ പുതിയതായി ഒരു നിലയുടെ നിർമ്മാണം<br>10) നിലയ്ക്കലിൽ കുഴൽക്കിണർ.<br>11) ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ.<br>12) പമ്പ ബസ് സ്റ്റേഷനിൽ 61.63 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തികൾ. |

....2/

കൂടാതെ അലോപ്പതി, ആയുർവേദ, ഹോമിയോ സർക്കാർ ഡിസ്പെൻസറികൾ മുഖേന തീർത്ഥാടകർക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ നടന്നു വരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരിമല, പന്തളം, കാളകെട്ടി, അഴുത, എരുമേലി തുടങ്ങിയ സ്ഥലങ്ങളിൽ താൽക്കാലിക ഡിസ്പെൻസറികളും, മൊബൈൽ ഡിസ്പെൻസറികളും ഏർപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒരു മൊബൈൽ കാർഡിയോളജി യൂണിറ്റ്, മരുന്നുകൾ സൂക്ഷിക്കുന്നതിനായി ഡ്രഗ് സ്റ്റോറേജ് റൂം എന്നിവയും പ്രൈവറ്റ് മേഖലയിൽ നിന്നും സഹാസ് കാർഡിയോളജി സെൻറർ, എൻ.എസ്.എസ്. ഹോസ്പിറ്റൽ, അഖില ഭാരത അയ്യപ്പാ സേവാ സംഘം ഫസ്റ്റ് എയ്ഡ് സെൻറർ എന്നിവയും, അപ്പാച്ചിമേട്, നീലിമല എന്നിവിടങ്ങളിൽ കാർഡിയോളജി സെൻററുകളും പമ്പയിൽ അമൃത ഹോസ്പിറ്റൽ, അപ്പോളോ ഹോസ്പിറ്റൽ എന്നിവരുടെ ഫസ്റ്റ് എയിഡ് സെൻററുകളും പ്രവർത്തിപ്പിക്കാനും, ഹൃദയാ ഘാതം മൂലമുള്ള മരണം, എച്ച്1-എൻ1 പനി തുടങ്ങിയവ പ്രതിരോധിക്കുന്നതിന് 6 ഭാഷകളിൽ ആരോഗ്യവിവരങ്ങളടങ്ങിയ ബോർഡും ബാനറും പ്രദർശിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പോലീസ്, വനം, കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി തുടങ്ങിയ വകുപ്പുകളുമായും സഹകരിച്ച് സേവനം ലഭ്യമാക്കുവാനും തീർത്ഥാടനം കുറ്റമറ്റ രീതിയിൽ നടത്തുവാനുമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തീർത്ഥാടനം ആരംഭിക്കുന്നതിന് മുൻപ് ശബരി മലയും പരിസര പ്രദേശങ്ങളും പൂർണ്ണമായി ശുചീകരി ക്കുന്നതിനായി 'മാലിന്യ മുക്ത ശബരിമല' എന്ന പദ്ധതിയും ആവിഷ്കരിച്ചുകഴിഞ്ഞു.

സെക്ഷൻ ഓഫീസർ